# ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ

## പിരപ്പൻകോട്

### ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും അഭൂതപൂർവ്വമായ നേട്ടം കൈവരിച്ചു. ഈ നേട്ടത്തിന്റെ അടിസ്ഥാനശില ഓരോ വിദ്യാലയത്തിലും രൂപംകൊണ്ട അക്കാദമിക് മാസ്റ്റർ പ്ലാനുകളും ആക്ഷൻ പ്ലാനുകളും അതനുസരിച്ച് ന ടപ്പിലാക്കപ്പെട്ട പ്രവർത്തനങ്ങളും ആണ്. നവകേരള സൃഷ്ടിയിൽ വിദ്യാഭ്യാസരംഗത്തിന്റെ നാഴികക്കല്ലായി വർ ത്തിക്കുന്നതും ഈ ആസൂത്രണ മികവു തന്നെയാണ്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ മാ ണിക്കൽ പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഗവ.വൊക്കേഷണൽ ആൻഡ് ഹയർ സെക്കന്ററി സ്കൂൾ പിരപ്പൻകോട്, ഇത്തരം മാസ്റ്റർ പ്ലാനുകളുടെ ആസൂത്രണ വൈദഗ്ധ്യം കൊണ്ടും പ്രവർത്ത ന മികവുകൊണ്ടും എക്കാലത്തും മുന്നിൽ നിൽക്കുന്നു.

വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വി ദ്യാഭ്യാസം, ദേശ, ഭാഷ, വർഗ്ഗ, വർണ്ണ, ലിംഗഭേദമെന്യേ ഓരോ വിദ്യാർത്ഥിക്കും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന ചിന്തയിൽ നിന്നാണ് എല്ലാവർഷവും ഇത്തരം ആക്ഷൻ പ്ലാനുകളുടെ നവീകരണം സാധ്യമാകുന്നത്. ഇതി ലൂടെ സമൂലമായ മാറ്റം വിദ്യാലയങ്ങളിൽ സംഭവിക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കേ തു ്.

സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ പഠനാന്ത രീക്ഷം ഒരുക്കാനും പഠനപ്രവർത്തനങ്ങൾ ആസൂത്രം ചെയ്യാനുമാണ് ഈ ആക്ഷൻ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത്.

**പിരപ്പൻകോട്**

ഹെഡ്മിസ്ട്രസ്സ്

# ഉപമേഖല - യു. പി. മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിലെ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിച്ച് അവരെ എഴുത്തിലും വായനയിലും പ്രാവീണ്യമുള്ളവരാക്കുക | **ജ്യോതിർഗമയ**<br>മാതൃഭാഷാ പഠനം കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ഏറ്റവും പ്രധാനപ്പെട്ട തടസ്സമായി നിൽക്കുന്നത് എഴുത്തിലും വായനയിലുമുള്ള കുട്ടികളുടെ പിന്നാക്കാവസ്ഥയാണ്. ഈ പ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജ്യോതിർഗമയ എന്ന പദ്ധതി നടപ്പാക്കുന്നത്.<br>1) അക്ഷരങ്ങൾ ചേർത്ത് വാക്കുകളാക്കാം<br>• കളത്തിലെ അക്ഷരങ്ങൾ ചേർത്ത് വാക്കുകളാക്കൽ<br>• രൂപീകരിച്ച വാക്കുകൾ ഉപയോഗിച്ച് ലഘുവാക്യങ്ങൾ നിർമ്മിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥയെഴുതൽ | ജൂലൈ - നവംബർ | മലയാളം അധ്യാപകർ | പി ടി എ ഫ ൽ നിന്നും |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1) ചെറിയ കഥാ പുസ്തകങ്ങൾ ഉറക്കെ വായിക്കാൻ അവസരം നൽകിക്കൊണ്ട് വായനാ ശേഷി വർദ്ധിപ്പിക്കുന്നു .<br>❖ വായനക്കൂട്ടം രൂപീകരിക്കൽ<br>❖ ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>❖ സ്കൂൾ ലൈബ്രറിയിൽ നിന്ന് ലൈബ്ര | ജൂലൈ - ഫെബ്രുവരി | മലയാളം അധ്യാപകർ ക്ലാസ്സ് അധ്യാപകർ | പി ടി എ ഫ ൽ നിന്നും |

| | | | | | |
|---|---|---|---|---|---|
| | | റേറിയന്റെ സഹായത്തോടെ കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ<br>❖ പത്രവായന<br>❖ വായന മത്സരം<br>❖ പുസ്തക പരിചയം (വായനാ വസന്തം) | | | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | ▪ ക്ലാസ് പ്രവർത്തനങ്ങളിലൂടെ മികച്ച എഴുത്തുകാരെ കണ്ടെത്തുന്നു.<br>▪ വായനക്കുറിപ്പ്<br>▪ ആസ്വാദനക്കുറിപ്പ്<br>▪ മാഗസിൻ ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>▪ സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | ഒക്ടോബർ - ഫെബ്രുവരി | മലയാളം - അധ്യാപകർ,<br><br>ക്ലാസ് അധ്യാപകർ | പി ടി എ<br>ഫ ൽ നിന്നും |

# ഉപമേഖല - ഹൈസ്കൂൾ - മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) പ്രീ ടെസ്റ്റ്<br>2) അക്ഷരം ഉറപ്പിക്കൽ<br>3) അടയാളം ഉറപ്പിക്കൽ<br>4) അക്ഷര കാർഡ് നൽകൽ<br>5) വാക്കുകൾ എഴുതിയ കാർഡ്<br>6) വാക്കുകൾ നിർമ്മിക്കുക<br>7) വാക്യങ്ങൾ നിർമ്മിക്കൽ<br>8) ചിത്രം - അടിക്കുറിപ്പ്<br>9) ചിത്രം - കഥയെഴുതൽ<br>10) വീഡിയോ - കഥയെഴുതൽ | രണ്ടുമാസം<br>(ജൂൺ - ജൂലൈ) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>വീഡിയോ | പി ടി എ<br>അധ്യാപകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1) സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>2) സമീപ ഗ്രന്ഥശാല അംഗത്വം<br>3) വായനോത്സവം സംഘടിപ്പിക്കൽ (അക്ഷരവൃക്ഷം, ക്വിസ് മത്സരം, കൈയ്യക്ഷരമത്സരം, കത്തെഴുത്ത് മത്സരം - പതിപ്പിക്കൽ)<br>4) വായനാനുഭവം<br>5) വായനാക്കുറിപ്പ് പതിപ്പ്<br>6) വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>7) ദിനാചരണം<br>8) ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>9) ഇ - വായന | ജൂൺ - ഒക്ടോബർ | സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ചാർട്ട് പേപ്പർ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | പി ടി എ<br>അധ്യാപകർ |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | 1) കാവ്യ രചന<br>2) പുസ്തക ചർച്ച<br>3) വായനക്കുറിപ്പ് - പതിപ്പ് | ഒരു മാസം<br>സെപ്റ്റംബർ | ലൈബ്രറി പുസ്തകങ്ങൾ | പി ടി എ<br>അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | 4) ചിത്രരചന<br>5) നാടക രചന<br>6) പോസ്റ്റർ രചന<br>7) സർഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>8) ഭാഷാപ്രോജക്ട് | | | |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തമാക്കുക | ▪ നാടക ശില്പശാല<br>▪ നാടക രചന<br>▪ നാടകത്തിന്റെ വീഡിയോ കാണിക്കുന്നു<br>▪ നാടകവേദി സജ്ജീകരിക്കൽ<br>▪ അനൗൺസ്മെന്റ്<br>▪ നാടകാവതരണം | ഒരു മാസം<br>നവംബർ | ഓഡിയോ<br>വീഡിയോ<br>സ്കൂൾ<br>ആഡിറ്റോറിയം | പി ടി എ<br>അധ്യാപകർ |
| 5 | കുട്ടികളിലെ സർഗ്ഗവാസന പരിപോഷിപ്പിക്കൽ | ▪ റേഡിയോ അവതരണം<br>▪ നാടൻപാട്ട്<br>▪ കാവ്യാലാപനം<br>▪ വാർത്തകൾ വായിക്കുക<br>▪ ഇന്നത്തെ ചിന്താവിഷയം<br>▪ സ്വന്തം രചനകൾ അവതരിപ്പിക്കൽ<br>▪ പ്രമുഖ വ്യക്തികളെ പരിചയപ്പെടുത്തൽ | 8 മാസം (ജൂലൈ - ഫെബ്രുവരി) | മൈക്ക് സൗ ് സിസ്റ്റം | ക്ലാസ് ടീച്ചർമാർ<br>അധ്യാപകർ |
| 6 | പഠനയാത്ര | ▪ സാഹിത്യകാരന്മാരുടെ സ്മാരകം, വീട് സന്ദർശനം<br>▪ നാടക പരിശീലന കേന്ദ്രം സന്ദർശനം<br>▪ പൈതൃക സ്ഥലങ്ങൾ സന്ദർശിക്കുക<br>▪ പാഠപുസ്തക ഗ്രന്ഥകർത്താക്കളുടെ വീട് സന്ദർശനം, സംവദിക്കൽ<br>▪ മാനുസ്ക്രിപ്റ്റ് ലൈബ്രറി സന്ദർശനം | ഒരു മാസം<br>(ജനുവരി) | ബസ് | പി ടി എ<br>അധ്യാപകർ |

# ENGLISH – U P (2025- 26)

| | Aim/Objectives | Activities | Duration | Duty | Finance |
|---|---|---|---|---|---|
| 1 | Enable the students to listen English carefully | Audio - Story Telling - Listening | June - July | English Teachers | |
| 2 | Improve Reading Skills | News Paper Distribution to Students in 3 days.<br>Reading English corner in each classroom | Whole months<br><br>June - July | English club<br><br>English teachers | District Panchayat<br><br>PTA |
| 3 | Improve Speaking Skills | Role playing Activities as | July - August | English Teachers | |
| 4 | Improve Writing Skills | Creative Writing Workshops<br>Short story writing competition<br>Diary writing collection | September - December | English club | |

# ENGLISH – High School (2025- 26)

| | Aim/Objectives | Activities | Duration | Responsibility | Financial Sapport |
|---|---|---|---|---|---|
| 1 | Enabling students to read English reading materials and communicative effectively with ease and confidence | 1) Spoken English class<br>2) Providing books from library<br>3) English assembly<br>4) Reading corner (English corner) | Before and after school time, Saturdays | English club<br>English teachers | Teachers |
| 2 | Providing opportunity to come together and Express their minds- writers forum giving chances to performances in English | Profile writing, Preparing scripts Role playing, Observing English days Choreography, etc | Academic year | Teachers SRG, English club | English club |
| 3 | Dramatization | English skills, Puppet show, etc. children find out domestic situation from their own English texts and later an enacting them . | Along with classroom activities, Saturdays | English club<br>English teachers<br>SRG | PTA or parents |
| 4 | Creative Writing | Hearing audio clips of great writers, providing opportunities for intraciting with great writers in our own area, writing books reviews, Preparing magazines (class wise) | After and before school time vacation | English teachers | SRG, PTA<br>Teachers |
| 5 | Role of Technology in improving the communi cative skill of students | Writing English films, interviews, video conferences, with English writers, poets etc. | Saturdays and other holidays | English club | PTA<br>English Teachers. |

# ഉപമേഖല - ഹൈസ്കൂൾ - അറബിക്

| | | | | | |
|---|---|---|---|---|---|
| പ്രശ്നം : സ്വതന്ത്ര വായനയ്ക്ക് പ്രയാസം നേരിടുന്നു.<br>ലക്ഷ്യം : അറബിഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക | | | | | |
| | പ്രവർത്തനം | ഉപ പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
| 1 | വായിക്കാം വളരാം | നിലവാര പഠനം | ജൂൺ - 15 25 | അറബിക് ടീച്ചർ | 100/- |
| | | വിശകലനം | ജൂൺ - 30 | അറബിക് ടീച്ചർ | |
| | | വായന സാമഗ്രികൾ ശേഖരിക്കൽ (കാർഡ്, പുസ്തകങ്ങൾ എന്നിവ) | ജൂലൈ | പി ടി എ അറബിക് വിദ്യാർത്ഥികൾ | 750/- |
| | | തുടർ വായന | ജൂലൈ - ജനുവരി | ടീച്ചർ, വിദ്യാർത്ഥി | |
| | | ആശയ വിവരണം | ആഴ്ചയിൽ | വിദ്യാർത്ഥികൾ | |
| | | വായന ഫെസ്റ്റ് | ജനുവരി | പി ടി എ, വിദ്യാർത്ഥികൾ, ടീച്ചർ | 1500/- |
| പ്രശ്നം : സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു<br>ലക്ഷ്യം : ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | | | | | |
| 2 | അറബിയിൽ സംസാരിക്കാം | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ | പി ടി എ അറബിക് വിദ്യാർഥികൾ | 500/- |
| | | കേൾക്കാം പറയാം | ആഗസ്റ്റ് - ഡിസംബർ | അറബിക് വിദ്യാർത്ഥികൾ | |
| പ്രശ്നം : പദസമ്പത്തിന്റെ കുറവ്<br>ലക്ഷ്യം : പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ | | | | | |
| 3 | പദങ്ങളെ പരിചയ പ്പെടാം | പദങ്ങളുടെ നിർമ്മാണം | ജൂലൈ - ജനുവരി | അറബിക് വിദ്യാർഥികൾ | 100/- |
| | | പദപയറ്റ് | ജൂലൈ | അറബിക് വിദ്യാർഥികൾ | 200/- |
| | | പദകേളി | ജൂലൈ - ഓഗസ്റ്റ് | അറബിക് വിദ്യാർത്ഥികൾ | 200/- |
| 4 | അറബിക് ക്ലബ്ബ് | ക്ലബ്ബ് രൂപീകരണം | ജൂൺ | അറബിക് ടീച്ചർ വിദ്യാർത്ഥികൾ | |
| | | ക്ലബ് പ്രവർത്തന കലണ്ടർ | ജൂലൈ | ക്ലബ്ബംഗങ്ങൾ | |
| | | അലിഫ് അറബിക് ക്വിസിന് തയ്യാറാക്കൽ | ആഗസ്റ്റ് - സെപ്റ്റംബർ | അറബിക് ടീച്ചർ വിദ്യാർത്ഥികൾ | 1000/- |
| | | അറബിക് ഡേ ദിനാചരണ ക്യാമ്പയിൻ | സെപ്റ്റംബർ -ഡിസംബർ | പി ടി എ, അറബിക് സ്റ്റുഡന്റ്, ക്ലബ്ബ് | 1500/- |
| | | മാഗസിൻ പ്രകാശനം | നവംബർ | വിദ്യാർത്ഥികൾ, ക്ലബ്ബംഗങ്ങൾ | 500/- |
| | | ദിനാചരണങ്ങൾ | ജൂൺ- ജനുവരി | | |

# ഉപമേഖല - സംസ്കൃതം (2025-2026)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഉപഭോക്താക്കൾ | ഭൗതികം | ചുമതല/ പിന്തുണ |
|---|---|---|---|---|---|---|
| 1 | വർണ്ണമാല/ അമരവാണി (ഇന്ത്യയിലെ ഔദ്യോ ഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം)<br>യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1) **ഭാഷാ ജ്ഞാനം**<br>▪ അക്ഷരം എഴുത്ത്<br>▪ ചിഹ്നം ഉറപ്പിക്കൽ<br>▪ അക്ഷര കാർഡ്<br>▪ വാക്കുകൾ എഴുതിയ കാർഡ്<br>▪ ക്ലാസിൽ അക്ഷരമാല പ്രദർശനം<br>▪ കാർട്ടൂൺ പ്രദർശനം<br>▪ പാട്ടുകളും, കഥകളും കേൾപ്പിക്കുക<br>2) **പറയാം, പഠിക്കാം**<br>▪ ചിത്രങ്ങളുടെ പേര് പറയൽ<br>▪ ചിത്രകഥകൾ<br>▪ ലഘു സംഭാഷണങ്ങൾ | മൂന്നുമാസം<br><br>മൂന്നുമാസം | 5, 6, 7 ക്ലാസി ലെ കുട്ടികൾ<br><br>യുപി വിഭാഗം | അക്ഷര ചാർട്ട് പാഠപുസ്തകം ഐ സി ടി<br><br>സംസ്കൃത കഥാ പുസ്തകം ഐ സി ടി | റിസോഴ്സ് അധ്യാപിക<br><br>റിസോഴ്സ് അധ്യാപിക |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതിനും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• ഐ സി ടി സഹായത്തിലൂടെ വാക്കുകൾ പരിശീലിക്കാനുള്ള അവസരം | മൂന്നുമാസം | യുപി,<br>എച്ച് എസ് വിഭാഗം കുട്ടികൾ | സംസ്കൃത നിഘണ്ടു | റിസോഴ്സ് അധ്യാപിക |
| 3 | വായനാലോകം (കുട്ടിയെ വായനയുടെ ലോകത്ത് എത്തിക്കുന്നു) | • തെരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജമാക്കുക<br>• ഓരോ സംസ്കൃത പീരീഡിലും ആദ്യത്തെ അഞ്ച് മിനിറ്റ് ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക | 6 മാസം | യു പി,<br>എച്ച് എസ് വിഭാഗം കുട്ടികൾ | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

# യു. പി ഹിന്ദി (2025-2026)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഹിന്ദി വായിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികളെ വായനയുടെ ലോകത്ത് എത്തിക്കുക. കുട്ടികളിൽ വായനശീലം വളർത്തുക | 1) **<u>ഹലോ ഹിന്ദി</u>**<br>▪ ഫ്ളാഷ് കാർഡുകളിൽ പാഠഭാഗത്തിലെ വാക്കുകൾ എഴുതി പരിചയപ്പെടുത്തുന്നു.<br>▪ വ്യക്തിപരമായി വായിക്കുന്നതിനുള്ള പിന്തുണ നൽകുന്നു<br>▪ വാക്കുകൾ കൂട്ടിച്ചേർത്ത് വായിക്കുന്നതിനുള്ള പരിശീലനം നൽകുന്നു<br>▪ ആവർത്തിച്ചു വായിക്കുന്നു<br>▪ പാഠഭാഗത്തിന്റെ ഓഡിയോ കേൾപ്പിക്കുന്നു<br>▪ വാക്കുകൾ ബോർഡിൽ എഴുതി കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു<br>▪ ക്ലാസ് മുറിയിൽ ഒരു വായനമൂല തയ്യാറാക്കുന്നു<br>▪ വായനാ മൂലയിൽ ആവശ്യത്തിനുള്ള പുസ്തകങ്ങൾ ക്രമീകരിക്കുന്നു. | ജൂൺ – ജൂലൈ ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | ചാർട്ടുകൾ, ഹിന്ദി കവിത, കഥാ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള തുക പി ടി എ യിൽ നിന്നും സമാഹരിക്കാം |
| 2 | ഹിന്ദി ഭാഷ എഴുതാൻ ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തി എഴുത്തിൽ പ്രാവീണ്യം നേടുക എന്നതാണ് ലക്ഷ്യം | 2) **<u>ഹിന്ദി ലേഖൻ</u>**<br>▪ അക്ഷര കാർഡുകൾ തയ്യാറാക്കി കുട്ടികളെ പരിചയപ്പെടുത്തുന്നു.<br>▪ വ്യക്തിപരമായി എഴുതുവാനുള്ള പിന്തുണ നൽകുന്നു<br>▪ ഓരോ അക്ഷരങ്ങൾ നൽകിയിട്ട് അവയിൽ നിന്നും അഞ്ചു വാക്കുകൾ കണ്ടെത്തി എഴുതിപ്പിക്കുന്നു | ജൂലൈ – ആഗസ്റ്റ് സെപ്റ്റംബർ<br><br>ജൂൺ – ജൂലൈ, ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | ▪ ഓരോ വാക്കുകൾ നൽകിയിട്ട് അവയുടെ പദസൂര്യൻ തയ്യാറാക്കിപ്പിക്കുന്നു.<br>▪ അന്താക്ഷരി കളിപ്പിക്കുന്നു<br>▪ ഒരു വിഷയം നൽകിയിട്ട് അതുമായി ബന്ധപ്പെട്ട ഒരു വാക്യം നിർമ്മിക്കാൻ പറയുന്നു. | | | |
| 3 | ഹിന്ദി ഭാഷ കേട്ട് മനസ്സിലാക്കി ഉച്ചാരണശുദ്ധിയോടെ സംസാരിക്കാനും കേൾക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക | **3) <u>മീഠീ ബോലി</u>**<br>▪ ഓഡിയോ വിഷ്വൽ സഹായത്തോടെ ഹിന്ദിയിലുള്ള ചെറുകവിതകൾ, കഥകൾ, കാർട്ടൂണുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. ഉച്ചാരണം നന്നായി പരിചയപ്പെടുത്തുന്നതിനായി ആവർത്തിച്ച് ഇടവേളകളിൽ കാണിക്കുന്നു. | അക്കാദമിക വർഷം | | |
| 4 | ഹിന്ദിയിലുള്ള പരിപാടികളുടെ ആവിഷ്കാരത്തിനുള്ള അവസരം നൽകുക) | **4) <u>"ഹം ഹേ ഹിന്ദി</u>**<br>**<u>ഹമാരി ഹിന്ദി.</u>"**<br>'പ്രേംചന്ദ് ജയന്തി', 'ഹിന്ദി ദിവസ്' എന്നീ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. സ്കൂൾ അസംബ്ലിയിൽ കുട്ടികളെ കൊണ്ട് ഇവയുടെ വിവിധ പരിപാടികൾ അവതരിപ്പിക്കുന്നു. സുലേഖ്, ലേഖൻ, പോസ്റ്റർ രചന, ക്യാരിക്കേച്ചർ നിർമ്മാണം, സ്കിറ്റുകൾ എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു | ഒരു അക്കാദമിക വർഷം | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അധ്യാപകർ | പി ടി എ |
| 5 | ഹിന്ദി ഭാഷയോട് താല്പര്യം ജനിപ്പിക്കുക<br>രാഷ്ട്രഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനായി കുട്ടികളെ സജ്ജരാക്കാൻ | **5) <u>മീഠീ ഹിന്ദി</u>**<br>• ഹിന്ദിയിലെ ചെറിയ കവിതകൾ, കടങ്കഥകൾ, പ്രശ്നോത്തരികൾ, ചെറുകഥകൾ എന്നിവ കുട്ടികൾ മൈക്ക് പോയിന്റിൽ അവതരിപ്പിക്കുന്നു.<br>• 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് | ഹിന്ദി ക്ലബ്<br>ഹിന്ദി അധ്യാപിക | ഒരു അക്കാദമിക വർഷം | |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കാൻ അവസരം നൽകുന്നു. | | | |
| 6 | ഹിന്ദിയിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനവും, ദിനാചരണങ്ങൾ, ദേശീയ ദിനങ്ങൾ എന്നിവയുടെ അവതരണത്തിനുള്ള സംഘടിത പ്രവർത്തനം സാധ്യമാക്കുക | **6) <u>ഹിന്ദി ക്ലബ്</u>**<br>• ഹിന്ദി ഭാഷ കൂടുതൽ സ്വായത്തമാക്കാനായി ക്ലബ്ബ് രൂപീകരണം, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ക്ലബ്ബ് ചുമതലയുള്ള അധ്യാപകരെയും കുട്ടികളെയും ഏൽപ്പിക്കുന്നു. | ഹിന്ദി ക്ലബ്<br>ഹിന്ദി അധ്യാപകർ | ഒരു അക്കാദമിക വർഷം | |

# ഹൈസ്കൂൾ ഹിന്ദി (2025-2026)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും ഹിന്ദി നന്നായി എഴുതാനും വായിക്കാനും ഉള്ള പ്രാവീണ്യം നേടുക | ▪ അക്ഷര കാർഡുകൾ തയ്യാറാക്കുന്നു.<br>▪ കേട്ടെഴുത്ത്, പദസൂര്യൻ, വർക്ക് ഷീറ്റ് എന്നിവ നൽകുന്നു.<br>▪ കോപ്പി എഴുതിക്കുന്നു | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപകർ | |
| 2 | ഉച്ചാരണ ശുദ്ധിയോടെ ഹിന്ദി സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ▪ കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | അക്കാഡമിക വർഷം | ഹിന്ദി അധ്യാപകർ | |
| 3 | ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുന്നു | ▪ ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. ബാലകവിതകൾ, പോസ്റ്റർ നിർമ്മാണം, കഥാരചന എന്നിവയ്ക്ക് അവസരം നൽകുന്നു.<br>▪ ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നു | ഓഗസ്റ്റ് - സെപ്റ്റംബർ<br><br>മാസത്തിലൊരിക്കൽ | ഹിന്ദി അധ്യാപകർ | |
| 4 | മാതൃഭാഷയെപ്പോലെ ഹിന്ദിയും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | • ഹിന്ദി തീയേറ്ററുകൾ സജ്ജമാക്കുക<br>• ഹിന്ദി ലൈബ്രറി നിർമ്മിക്കുക<br>• പുസ്തകം വായിച്ചു കൂട്ടുകാർക്ക് ആശയം ഹിന്ദിയിൽ പരിചയപ്പെടുത്തുന്നു.<br>• സംഭാഷണം തയ്യാറാക്കൽ<br>• എല്ലാ ദിവസവും ഡയറി എഴുതാനുള്ള നിർദ്ദേശം നൽകുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി ടി എ<br>എസ് എം സി |
| 5 | രാഷ്ട്രഭാഷയോടുള്ള | • പ്രശസ്ത സാഹിത്യകാരന്മാരുടെ ക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | അഭിരുചി വർധിപ്പിക്കുക | ഥകൾ, നോവലുകൾ, സിനിമകൾ എന്നിവ പരിചയപ്പെടാൻ അവസരം നൽകുന്നു.<br>• സാഹിത്യകാരന്മാരുടെ ഇന്റർവ്യൂ | | | |

# സാമൂഹ്യ ശാസ്ത്രം - 2025 - 2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | രാജ്യത്തിന്റെ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന അറിവുകൾ പരിശോധിക്കൽ | **<u>ഓർമ്മയിലൂടെ</u>**<br>▪ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്ന പ്രവർത്തനം നൽകുന്നു. ഇന്ത്യയുടെ ഭൂപടത്തിന്റെ ഔട്ട് ലൈൻ നൽകിക്കൊണ്ട് സംസ്ഥാനങ്ങൾ അടയാളപ്പെടുത്തുന്ന പ്രവർത്തനം. അതോടൊപ്പം കേന്ദ്ര ഭരണ പ്രദേശങ്ങൾ ഏതൊക്കെ തുടങ്ങി രാജ്യത്തിന്റെ അടിസ്ഥാന വസ്തുതകൾ മനസ്സിലാക്കി മുന്നറിവ് പരിശോധിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 2 | പഠിതാക്കളിൽ ചരിത്ര അവബോധം വളർത്തുക. ചരിത്ര സ്മാരകങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക | **<u>ആൽബം തയ്യാറാക്കാം</u>**<br>▪ മധ്യകാല ഇന്ത്യ ഭരിച്ചിരുന്ന ചരിത്രപ്രധാനമുള്ള ഭരണാധികാരികളുടെ ചിത്രവും ചരിത്ര പ്രാധാന്യമുള്ള കേന്ദ്രങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചരിത്ര ആൽബം തയ്യാറാക്കുന്ന പ്രവർത്തനം | അക്കാദമിക വർഷാരംഭം മുതൽ ഉടനീളം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3 | കുട്ടികളെ ചരിത്രബോധമുള്ളവരാക്കി മാറ്റുക | **<u>ചരിത്രം ക‌െ     ത്താം</u>**<br>▪ നമ്മുടെ സ്കൂളിന്റെ ചരിത്രം എഴുതി (പ്രധാനപ്പെട്ട വ്യക്തികൾ, സ്ഥലങ്ങൾ തുടങ്ങിയ ഉൾക്കൊള്ളിച്ചുകൊണ്ട്) തയ്യാറാക്കുക | അക്കാദമിക വർഷാരംഭം മുതൽ ഉടനീളം | | |
| 4 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി സ്വയം രക്ഷപ്പെടുന്നതിനും രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനും | **<u>പ്രകൃതി ദുരന്തങ്ങളെക്കുറിച്ചറിയൽ</u>**<br>▪ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂകമ്പം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ ഭീതിജനകമായ ദൃശ്യങ്ങൾ, പത്രവാർത്ത, വീഡിയോ തുടങ്ങിയ മാധ്യമങ്ങളിലൂടെ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | അതിന്റെ തീവ്രത മനസ്സിലാക്കുന്നു. തുടർന്ന് വിദഗ്ധ ഉദ്യോഗസ്ഥരുടെ ഡമോൺസ്ട്രേഷൻ ക്ലാസ് സംഘടിപ്പിക്കുന്നു. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (അഭിമുഖം) മനസ്സിലാക്കുന്നു | | | |

# സാമൂഹ്യ ശാസ്ത്രം - 2025 - 2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | ▪ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, സിനിമ (ചരിത്ര സിനിമകൾ). | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ▪ ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ്, ഗ്ലോബ്, മാപ്പുകൾ എന്നിവ പരിചിതമാകുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3 | പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഉത്തരവാദിത്വമുള്ള പൗരന്മാരായി വാർത്തെടുക്കുക. | ▪ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ നിശ്ചയിച്ച തീയതികളിൽ നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4 | ജനാധിപത്യം, പൗരബോധം, മൂല്യബോധം എന്നിവയുള്ള പൗരന്മാരായി വളർത്തുക. | ▪ സ്കൂൾ പാർലമെന്റ് ഇലക്ഷൻ,പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സുമനസ്സുകൾ, കുട്ടികൾ |
| 5 | വ്യത്യസ്ത ഇനം മണ്ണിനങ്ങൾ, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | ▪ വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അറിവ് സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം, കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# <u>ഉപമേഖല – അടിസ്ഥാന ശാസ്ത്രം</u>

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്രബോധം ഉണർത്തുവാനും ശാസ്ത്ര വിഷയങ്ങളോട് താല്പര്യം ജനിപ്പിക്കുവാനും ശാസ്ത്ര പ്രതിഭകളെ പരിപോഷിപ്പിക്കുവാൻ | ▪ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു ശാസ്ത്രജ്ഞരുടെ ജീവിതം കണ്ടെത്താൻ ആവശ്യപ്പെടുന്നു. ഓരോ കുട്ടിക്കും ഓരോ ഗ്രൂപ്പിനും ഒരാളെ തെരഞ്ഞെടുക്കാൻ അവസരം<br>▪ "അവർ എങ്ങനെ ശാസ്ത്രത്തിൽ തൽപ്പരായി" ? എന്നത് കുട്ടികളിൽ ശാസ്ത്രബോധം വളർത്തും.<br>▪ അവരുടെ ജീവിതത്തിലെ നാഴികക്കല്ല്, പ്രധാന കണ്ടുപിടിത്തങ്ങൾ, സംഭാവനകൾ, കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കുക.<br>▪ ചിത്രങ്ങളും, കുറിപ്പുകളും ക്ലാസിൽ പ്രദർശിപ്പിക്കാം.<br>▪ മികച്ച ചിത്രങ്ങൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കാം | ജൂൺ – ജൂലൈ | ശാസ്ത്ര അധ്യാപിക. | |
| 2 | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | ▪ 'ഹോം ലാബ്' എന്ന ആശയം കുട്ടികളിൽ എത്തിക്കുന്നു.<br>▪ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ നടക്കുന്നു. സയൻസ് കിറ്റിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നു.<br>▪ പരീക്ഷണക്കുറുപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു<br>▪ <u>**ശാസ്ത്ര വിസ്മയ ചുമർ**</u><br>പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ, നൂതന ശാസ്ത്ര ആശയങ്ങൾ, കണ്ടുപിടിത്തങ്ങൾ, | ജൂലൈ – ആഗസ്റ്റ് | സയൻസ് ക്ലബ്ബ് അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | | ശാസ്ത്ര മാസികയിലെ അറിവ് എന്നിവ ക്ലാസിൽ പ്രദർശിപ്പിക്കുവാനുള്ള അവസരം. ഇതിനായി, ഐ സി ടി സാധ്യത, ശാസ്ത്ര ജേണലുകൾ, പത്രം, മാസികകൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. | | | |
| 3 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ▪ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ പ്രകൃതി നടത്തം<br>▪ പുഴയെ അറിയാൻ യാത്രകൾ<br>▪ പച്ചക്കറിത്തോട്ട നിർമ്മാണം<br>▪ പഠന യാത്രകൾ | സെപ്റ്റംബർ. | | |
| 4 | മാലിന്യനിർമ്മാർജ്ജനം | ▪ വിഷയവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ<br>▪ ബോധവൽക്കരണ ക്ലാസുകൾ<br>▪ പ്ലാസ്റ്റിക്ക് മാലിന്യത്തിൽ അപകടസാധ്യതകൾ മനസ്സിലാക്കി അവ ഒഴിവാക്കുവാനുള്ള ബോധവൽക്കരണം<br>▪ പ്ലാസ്റ്റിക് വിമുക്തമാക്കുവാൻ 'ഡ്രൈ ഡേ'ആചരണങ്ങൾ<br>▪ ക്ലാസുകളിൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നു<br>▪ ആഹാര അവശിഷ്ടങ്ങൾ വേണ്ട രീതിയിൽ നിക്ഷേപിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br>▪ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പേനകൾ ശേഖരിക്കുന്നു<br>▪ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | ഇക്കോ ക്ലബ് , സയൻസ് ക്ലബ്, റെഡ് ക്രോസ് | |
| 5 | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | ▪ പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തുന്ന പരീക്ഷണം, പ്രവർത്തനങ്ങൾ, പ്രോജക്ട് എന്നിവ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു.<br>▪ കുട്ടികൾ നിർമ്മിച്ച മാതൃകകൾ, വർക്കിംഗ് | ജനുവരി | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | മോഡലുകൾ എന്നിവ ഉപയോഗിച്ച് സയൻസ് മ്യൂസിയം<br>▪ ശാസ്ത്ര വാർത്തകൾ, ശേഖരിച്ച ശാസ്ത്ര മാഗസിൻ തയ്യാറാക്കുന്നു.<br>▪ ശാസ്ത്രദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>▪ ആധുനികശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | | | |
| 6 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ▪ ശാസ്ത്ര വിസ്മയങ്ങൾ, പ്രപഞ്ച സത്യങ്ങൾ, പുതിയ കണ്ടെത്തലുകൾ നിത്യജീവിതത്തിലെ ശാസ്ത്രം എന്നിവ ഐ.സി. റ്റിയുടെ സഹായത്തോടെ കുട്ടികളിൽ എത്തിക്കുന്നു<br>▪ ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കിയ അവതരിപ്പിക്കൽ. | | | |

# ഉപമേഖല – ഫിസിക്കൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്രലോകത്തേക്ക് : നേടിയ അറിവുകൾ പ്രയോജനപ്പെടുത്തി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുവാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ▪ എക്സിബിഷൻ : മോഡലുകൾ നിർമ്മിക്കാനാവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെ ക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. 8, 9, 10 പാഠങ്ങളുമായി ബന്ധപ്പെട്ട് മോഡലുകളുടെ നിർമ്മാണം, ഒരു സയൻസ് എക്സ്പെർട്ടിന്റെ സാന്നിധ്യത്തിൽ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 2 | കൗതുകം, ജിജ്ഞാസ, അന്വേഷണതൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ, മാനവികതയിൽ ഊന്നിയ ശാസ്ത്ര ബോധം വളർത്തുക. | ▪ ശാസ്ത്രമാഗസിൻ നിർമ്മാണം (8, 9, 10 ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടത്) | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |

## ഉപമേഖല – ബയോളജി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | മാലിന്യമുക്ത – ആരോഗ്യ – ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | ▪ പരിസര ശുചീകരണം<br>▪ ശുചിത്വ ബോധവൽക്കരണം<br>▪ കൊളാഷ്<br>▪ കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്<br>▪ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് | ആദ്യ ടേം | ശാസ്ത്ര അധ്യാപകർ | ആരോഗ്യവകുപ്പ്<br>ഐ സി ഡിഎസ്<br>പഞ്ചായത്ത് |
| 2 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ. | ▪ സ്കൂൾ ക്യാമ്പസിൽ പഴം, പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക് | ഒരു വർഷം ഒരു വർഷം | ശാസ്ത്രാധ്യാപകർ<br>പി ടി എ | കൃഷിഭവൻ കർഷകർ എസ്എംസി പിടിഎ |
| 3 | സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | ▪ വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>▪ ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ | ആദ്യ ടേം | ശാസ്ത്ര അധ്യാപകർ<br>എസ്എസ് സി | എസ്എസ് എ<br>ആർ എം എസ് എ<br>എസ് ആർ ജി<br>എസ് എം സി<br>പി ടി എ<br>പഞ്ചായത്ത് |

# യു. പി ഗണിതം (2025-2026)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | • **കൈത്താങ്ങ്** : നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ്കാർഡ് എന്നിവ ഉപയോഗിച്ച് കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപകർ | |
| 2 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | • **ഒറിഗാമി** : രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികസവും<br>• ഒറിഗാമി സഹായത്തോടെ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം.<br>• വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കാൻ<br>• ലാബിൽ വച്ച് ക്ലാസ്സ് | വർഷത്തിൽ ഒരു പ്രാവശ്യം<br><br>ആവശ്യാനുസരണം | പ്രവർത്തിപരിചയ അധ്യാപിക<br>ഗണിത അധ്യാപകർ<br><br>ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്<br>പി ടി എ<br><br>പിടിഎ |
| | | **ഗണിത മൂല**<br>• ഗണിത ആശയങ്ങൾ, ജ്യാമതീയ രൂപങ്ങൾ എന്നിവ കൂടുതൽ പരിചയപ്പെടുന്നതിനായി ഓരോ ക്ലാസിലും ഗണിത മൂലയുടെ നിർമ്മാണം<br>• ഗണിത നിഘണ്ടു നിർമ്മാണം, ഗണിത വായന കാർഡ്, നിശ്ചിത മേഖലയെക്കുറിച്ചുള്ള കൈപുസ്തക നിർമ്മാണം, ഗണിത മാഗസിൻ നിർമ്മാണം | അക്കാദമിക വർഷത്തിൽ തുടർ പ്രവർത്തനം | ഗണിത അധ്യാപകർ | പി ടി എ<br>ഗണിത ക്ലബ്ബ് |
| 3 | ആധുനിക ശാസ്ത്ര | **ഐ ടി സാധ്യതകളിലൂടെ** : ജ്യാമിതീ | വർഷത്തിൽ മാ | ഗണിത ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | യ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |
| 4 | നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | **ഗണിത ശില്പശാല** : പ്രഗൽഭരായ ഒരു ഗണിത അധ്യാപകനെ ക്ഷണിച്ച് നിത്യജീവിതമായി ബന്ധപ്പെട്ടുള്ള ഗണിത പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നു. | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ | പി ടി എ |
| 5 | ഗണിതത്തെ പ്രവർത്തിപരിചയവുമായി ബന്ധപ്പെടുത്തികൊണ്ടുള്ള പഠനം | ഗണിത മേളകളിലേക്ക് കുട്ടികളെ സജ്ജമാക്കാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പരിപോഷണ പ്രവർത്തനങ്ങൾ നൽകുന്നു | അക്കാദമിക വർഷത്തിൽ തുടർ പ്രവർത്തനം | ഗണിത അധ്യാപകർ പ്രവർത്തി പരിചയ അധ്യാപിക | പി ടി എ |

# ഹൈസ്കൂൾ -ഗണിതം (2025-2026)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക. | • സംഘ പഠന സഹായത്താൽ വർക്ക്ഷീറ്റിന്റെ സഹായത്താൽ ജൂൺ ജൂലൈ ഗണിത അധ്യാപകൻ ലീഡർ എസ് ആർ ജി | ജൂൺ - ജൂലൈ | ഗണിത അധ്യാപകർ ടീം ലീഡർ | എസ്, ആർ. ജി |
| 2 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ | • ഗണിത ലാബ് സന്ദർശനം, ഗണിത രൂപങ്ങൾ, ജ്യോമെട്രിക് ചാർട്ട്, നമ്പർ ചാർട്ട്, ഗണിത പാട്ടുകൾ, ഗണിത മാഗസിൻ എന്നിവ തയ്യാറാക്കൽ<br>• ഗണിത പുസ്തകങ്ങൾ ശേഖരണം | ടേം- ഒന്ന് | ഗണിത അധ്യാപകർ ഗണിത ക്ലബ് | എസ് ആർ ജി |
| 3 | ഗണിത ക്ലബ്ബ് സജീവമാക്കൽ | • ഗണിത ക്ലബ്ബ് രൂപീകരണോദ്ഘാടനം ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ, ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പിടിഎ | പി ടി എ |
| 4 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർപ്രവർത്തനം അധ്യാപകർ | ഗണിത ക്ലബ്ബ് ഗണിത അധ്യാപകർ. | |
| 4 | നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | **ഗണിത ശില്പശാല** : പ്രഗൽഭരായ ഒരു ഗണിത അധ്യാപകനെ ക്ഷണിച്ച് നിത്യ ജീവിതമായി ബന്ധപ്പെട്ടുള്ള ഗണിത പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നു. | വർഷത്തിലൊരിക്കൽ | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 5 | ഗണിത അസംബ്ലി | ഗണിത ക്ലബ്ബ് നേതൃത്വത്തിൽ ഗണിത അസംബ്ലി അവതരിപ്പിക്കൽ | ഡിസംബർ | ഗണിത ക്ലബ് | എസ് ആർ ജി |

# ഉപമേഖല – ഉദ്ഗ്രഥിത വിദ്യാഭ്യാസം 2025–2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക, സ്വയം തിരിച്ചറിവ് ഉ ാക്കിയെടുക്കുക. | ▪ പൂന്തോട്ട നിർമ്മാണം, കർഷകരുമായുള്ള അഭിമുഖങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികളിൽ ആത്മവിശ്വാസം വളർത്തക്കത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ – ജൂലൈ | WE അധ്യാപിക | പി ടി എ<br>എച്ച് എം |
| 2 | ഉല്പാദന രംഗത്തെ സ്വാശ്രയത്വം | ▪ വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നു | ഓഗസ്റ്റ് – ഒക്ടോബർ | WE അധ്യാപിക | |
| 3 | പ്രതിഭകളെ ക ത്തൽ | ▪ സ്കൂൾതലത്തിൽ പ്രവർത്തിപരിചയ മേളകൾ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് അവസാന വാരം | WE അധ്യാപിക | പി ടി എ |
| 4 | പിരിമുറുക്കത്തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക | ▪ മാനസികോല്ലാസം നൽകുന്ന ക്ലാസ് തല പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ – നവംബർ | WE അധ്യാപിക | |
| 5 | തൊഴിൽ ചെയ്യുന്നവരെ ആദരിക്കുകയും, സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളായി പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്യുക. | ▪ ഓരോ കുട്ടിയുടെയും പ്രത്യേകം കഴിവുകൾ തിരിച്ചറിഞ്ഞ് അതിൽ പരിശീലനം നൽകുക | അക്കാദമിക വർഷം മുഴുവൻ | WE അധ്യാപിക | പി ടി എ<br>എച്ച് എം |
| 6 | ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം | ▪ പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ യോഗ്യമായ വസ്തുക്കളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. | ഡിസംബർ – ജനുവരി | WE അധ്യാപിക | |
| 7 | തൊഴിൽ സാധ്യതകൾ ക ത്തുക | ▪ പല തൊഴിൽ മേഖലകളിലും ഉള്ള പ്രഗത്ഭരുമായി സംവാദം സംഘടിപ്പിക്കുന്നു | ഫെബ്രുവരി | WE അധ്യാപിക | പി ടി എ<br>എച്ച് എം |

# ഉപമേഖല – കലാവിദ്യാഭ്യാസം 2025–2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • ഇന്ത്യയിൽ നിലനിൽക്കുന്ന ചിത്രരചനാ ശൈലികളെ പരിചയപ്പെടുത്തൽ.<br>• വ്യത്യസ്ത സംഗീത രീതികളും, കലാകാരന്മാരെയും, ചിത്രകാരന്മാരെയും പരിചയപ്പെടൽ | ▪ ചിത്രപ്രദർശനം<br>▪ കുട്ടികൾക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ചു നിറങ്ങൾ നൽകി ക്ലാസിൽ പ്രദർശിപ്പിക്കുന്നു<br>▪ വ്യത്യസ്ത സംഗീത രൂപങ്ങളെ സംബന്ധിക്കുന്ന പ്രസന്റേഷൻ | ജൂൺ – ജൂലൈ | ആർട്ട് ടീച്ചർ | |
| 2 | • ഓരോ ക്ലാസിലെയും കുട്ടികളുടെ അഭിരുചിയുള്ള കലാ മേഖല കണ്ടെത്തി അവയെ പരിപോഷിപ്പിക്കാൻ വേണ്ടി പ്രവർത്തനങ്ങൾ സൃഷ്ടിക്കൽ<br>• വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം, ചരിത്രം, എന്നിവ മനസ്സിലാക്കൽ<br>• സംഘങ്ങളായി തിരിഞ്ഞ് ഗാനങ്ങൾ പാടി അവതരിപ്പിക്കാനുള്ള അവസരം മനസ്സിലാക്കുന്നു | ▪ വിവിധ ഗ്രൂപ്പുകളായി തിരഞ്ഞ് ക്വയർ ഗ്രൂപ്പുകൾ സൃഷ്ടിച്ച് വിവിധ ദിവസങ്ങളിൽ കലാപരമായ അവതരണങ്ങൾ സ്കൂളിൽ സംഘടിപ്പിക്കുക<br>▪ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കുട്ടികളിൽ വിവിധയിനം കലാപരിപാടികൾ സംഘടിപ്പിച്ച് അവതരിപ്പിക്കുക | ആഗസ്റ്റ് | ആർട്ട് ടീച്ചർ | |
| 3 | • കുട്ടികളിൽ അധ്യാപകർക്കുള്ള സ്വാധീനം എത്രത്തോളം ആണെന്ന് മനസ്സിലാക്കുന്നു.<br>• നാടകം, സിനിമ തുടങ്ങിയ കലാമേഖലയിലെ പ്രമുഖ വ്യക്തികളെ ക്ഷണിച്ച് അഭിനയം, കഥ, തിരക്കഥ എന്നീ വശങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താം<br>• കലോത്സവത്തിൽ വിവിധ ഇനം | ▪ സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് അധ്യാപകരോടൊത്തുള്ള ക്ലാസ് റൂം രംഗങ്ങൾ കുട്ടികൾ പെൻസിൽ ഡ്രോയിങ് ചെയ്ത് പ്രദർശിപ്പിക്കുന്നു.<br>▪ കലോത്സവത്തിനായി ഒരു നാടക സംഘത്തെ ഉണ്ടാക്കി നല്ലൊരു തിരക്കഥയിൽ അവ വേദിയിൽ അവതരിപ്പിക്കാം<br>▪ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വ്യത്യസ്ത കലാരൂപങ്ങൾ പ്രാക്ടീസ് ചെയ്യുക | സെപ്റ്റംബർ – ഒക്ടോബർ | ആർട്ട് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | സംഗീത – നൃത്ത കലാരൂപങ്ങളിൽ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കി അവർക്ക് വേണ്ട പിന്തുണ നൽകുക | | | | |
| 4 | • തനത് പ്രദേശത്ത് നിലനിൽക്കുന്ന കേരളീയ സാംസ്കാരികതയെ തിരിച്ചറിയൽ<br>• സ്കൂൾതലത്തിൽ വിവിധങ്ങളായ ചിത്രകലകളുടെ ശൈലികൾ പരിചയിച്ച് ഗ്രൂപ്പുകളായി ചിത്രരചന നടത്തി എക്സിബിഷൻ സംഘടിപ്പിക്കുക<br>• ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കൽ<br>• മ്യൂസിക് ക്ലബ് രൂപീകരിച്ച് കലാപ്രവർത്തനങ്ങൾ സംയോ ജിപ്പിച്ച് നടപ്പിലാക്കുക | ▪ കേരളപ്പിറവിയോടനുബന്ധിച്ച് നാട്ടിലെ വിവിധ പ്രദേശങ്ങളിലെ നാടൻപാട്ടുകളുടെ അവതരണം<br>▪ ക്ലേ മോഡലിംഗ് പരിചയപ്പെടുത്തുന്നു<br>▪ ഡിസംബർ 4 ഊർജ്ജസംരക്ഷണ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം<br>▪ ഓരോ കുട്ടികൾക്കും അനുയോജ്യമായ കലാപ്രകടനങ്ങൾ വ്യക്തിപരമായി അവതരിപ്പിക്കാനുള്ള അവസരം നൽകുക | നവംബർ – ഡിസംബർ | ആർട്ട് ടീച്ചർ | |
| 5 | • വിവിധ രീതിയിലുള്ള എഴുത്തുകൾ താളാത്മകമായും സൗന്ദര്യാത്മകമായും പരിശീലിക്കൽ. | ▪ ജനുവരി 23 ദേശീയ കൈയ്യക്ഷരദിനത്തോടനുബന്ധിച്ച് 'കാലിഗ്രഫി' വർക്ഷോപ്പ് | ജനുവരി | ആർട്ട് ടീച്ചർ | |
| 6 | • കവിത ആസ്വാദനശേഷി വർദ്ധിപ്പിക്കൽ<br>• സ്വന്തമായി കവിത രചിച്ച് അതിനനുയോജ്യമായ ഈണം കൊടുക്കാനും കവിതയെ പറ്റി ഒരു അവബോധം സൃഷ്ടിക്കാനുമുള്ള കഴിവ് | ▪ ഫെബ്രുവരി 13, ഒ. എൻ. വി കുറുപ്പ് ഓർമ്മദിനത്തോടനുബന്ധിച്ച് ഒ. എൻ. വി കവിതകളുടെ ആലാപനവും നൃത്താവിഷ്കാരവും<br>▪ ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി കവിത രചിച്ച് ഈണം നൽകി ക്ലാസുകളിൽ അവതരിപ്പിക്കുക. | ഫെബ്രുവരി | ആർട്ട് ടീച്ചർ | |

# ഉപമേഖല – സൈക്കോ – സോഷ്യൽ സ്കൂൾ കൗൺസലിങ്  2025–2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | മാനസികാരോഗ്യം ഉറപ്പാക്കൽ | ▪ സ്ക്രീനിംഗ്,  അസസ്മെന്റ് എന്നിവ നടത്തി കുട്ടികളിലെ മാനസിക പ്രശ്നങ്ങൾ, പഠന വൈകല്യങ്ങൾ, പെരുമാറ്റ പ്രശ്നങ്ങൾ, വൈകാരിക പ്രശ്നങ്ങൾ, വ്യക്തിത്വ വൈകല്യങ്ങൾ, കുടുംബ പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി ഇന്റർവെൻഷൻ നടത്തുക | അധ്യയന വർഷം. | സ്കൂൾ കൗൺസിലർ | |
| 2 | ലഹരി വിമുക്ത വിദ്യാലയം | ▪ കുട്ടികളിലെ ലഹരി വസ്തുക്കളുടെ ദുരുപയോഗം കണ്ടെത്തി അതിൽ നിന്നും മുക്തരാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക | അധ്യായന വർഷം | സ്കൂൾ കൗൺസിലർ | |
| 3 | ജീവിത നൈപുണ്യ വിദ്യാഭ്യാസം | ▪ ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ പത്ത് – ലൈഫ് സ്കില്ലുകൾ കുട്ടികളെ പഠിപ്പിക്കുന്നു. ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ നേരിടാൻ പ്രാപ്തരാക്കുന്നു | അധ്യയന വർഷം | സ്കൂൾ കൗൺസിലർ | |

# കൗൺസിലിംഗ് സേവനം – സ്കൂൾ കൗൺസിലർ

സ്കൂൾതലത്തിൽ വനിതാ ശിശു വികസന വകുപ്പിന്റെ സൈക്കോ – സോഷ്യൽ പദ്ധതി പ്രകാരം എല്ലാ ദിവസവും സ്കൂൾ കൗൺസിലറുടെ സേവനം ഉറപ്പാക്കുന്നു. കുട്ടികൾക്കും അധ്യാപകർക്കും രക്ഷകർത്താക്കൾക്കും ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

- കുട്ടികളുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നു
- കുട്ടികളുടെ വ്യക്തിത്വ വികസനം, സ്വഭാവരൂപീകരണം സാധ്യമാകുന്നു
- വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങൾ നൽകുന്നു
- ഉത്തരവാദിത്വ രക്ഷകർതൃത്വത്തെക്കുറിച്ച് രക്ഷികർത്താക്കളെ ബോധവാന്മാരാക്കുന്നു.
- ലഹരിവസ്തുക്കളുടെ ദുരുപയോഗം കണ്ടെത്തി ഫലപ്രദമായ ഇടപെടൽ നടത്തുന്നു
- ജീവിത നൈപുണി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി ക്ലാസ്റൂം പ്രവർത്തനങ്ങൾ നടത്തുന്നു.
- കുട്ടികളുടെ മാനസിക– വൈകാരിക –ശാരീരിക –സാമൂഹിക വളർച്ചയ്ക്കാവശ്യമായ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്നു.
- സഹപാഠികളുടെ സൗഹൃദപരമായ ഇടപെടൽ സാധ്യമാകുന്നു.